EH

82846/22

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

ട്രീറ്റ്മെന്റ് ഓർഗനൈസർ ഗ്രേഡ് II തസ്തികയുടെ പരിശീലന കാലയളവിലെ സ്റ്റൈപന്റ് നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.2643/2022/H&FWD തീയതി,തിരുവനന്തപുരം, 03-11-2022

---

പരാമർശം:-

1. സ.ഉ.(കൈ)നം.260/05/ആ.ക.വ., തീയതി 15/10/2005.
2. ആരോഗ്യവകുപ്പ് ഡയറക്ടറുടെ 24/04/2022 തീയതിയിലെ ഇ.എച്ച്.1/16474/2022/ആ.വ.ഡ. നമ്പർ കത്ത്.

**ഉത്തരവ്**

ആരോഗ്യവകുപ്പിലെ ട്രീറ്റ്മെന്റ് ഓർഗനൈസർ ഗ്രേഡ് II തസ്തികയ്ക്ക് പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം പരിശീലന കാലയളവിൽ 2480/- രൂപയാണ് സ്റ്റൈപന്റായി നൽകിവരുന്നത്. മറ്റ് വകുപ്പുകളിൽ സേവനത്തിൽ പ്രവേശിക്കുന്നതിന് മുമ്പായി പരിശീലന കാലയളവിൽ അടിസ്ഥാന ശമ്പളം നൽകി വരുന്നുണ്ടെന്നും പി.എസ്.സി. നിയമനം ലഭിച്ച് സർവ്വീസിന്റെ ഭാഗമായി വരുന്ന ട്രീറ്റ്മെന്റ് ഓർഗനൈസർ ഗ്രേഡ് II ജീവനക്കാർക്ക് നിലവിലെ സാമൂഹ്യ സാഹചര്യവും സാമ്പത്തിക സാഹചര്യവും കണക്കിലെടുത്ത് പരിശീലന കാലയളവിൽ ടി തസ്തികയുടെ അടിസ്ഥാന ശമ്പളം പ്രതിമാസം സ്റ്റൈപെന്റായി നൽകുന്നതിനുള്ള ഉത്തരവുണ്ടാകണമെന്നാണ് ആരോഗ്യവകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം അറിയിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ട്രീറ്റ്മെന്റ് ഓർഗനൈസർ ഗ്രേഡ് II തസ്തികയുടെ 6 മാസത്തെ പ്രീ-സർവ്വീസ് ട്രെയിനിംഗ് കാലയളവിൽ നൽകേണ്ട പ്രതിമാസ സ്റ്റൈപെന്റ് തുക, ടി തസ്തികയുടെ അടിസ്ഥാന ശമ്പളം ആയ 26500/- (Rs.19000/- Pre-Revised) രൂപയായി നിജപ്പെടുത്തിയും ട്രീറ്റ്മെൻറ് ഓർഗനൈസർ ഗ്രേഡ് II തസ്തികയിൽ നിയമനം നേടുന്നതിനു മുമ്പ് പ്രീസർവ്വീസ് ഉള്ളവർക്ക് മുൻ തസ്തികയിൽ ഇവർ വാങ്ങികൊണ്ടിരുന്ന അടിസ്ഥാന ശമ്പളം തന്നെ സ്റ്റൈപന്റ് ആയും ഉത്തരവ് തീയതി പ്രാബല്യത്തിൽ അനുവദിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മൂണാൽസെൻ എം

അണ്ടർ സെക്രട്ടറി

**പകർപ്പ്:-**

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ, (എ&ഇ), കേരളം, തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ ഡിവിഷൻ, വിവര പൊതുജന സമ്പർക്ക വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം. (ഈ ഉത്തരവ് കേരള സർക്കാരിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ.

ലെറ്റർ നം. EH1-72201/20/DHS തീയതി. 19/11/2022

മേൽ സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേക്കും തുടർനടപടികൾക്കുമായി നൽകുന്നു

ഉത്തരവിൻ പ്രകാരം

Signed by Arunima.g

Date: 03-11-2022 16:33:03

സെക്ഷൻ ഓഫീസർ

ആരോഗ്യവകുപ്പ് ഡയറക്ടർക്ക് വേണ്ടി

സ്വീകർത്താവ്

1) സൂപ്രണ്ട്, EF സെക്ഷൻ

2) ഫയൽ